മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

# ഓർത്തഡോക്സ് യുവജനം

## ത്രൈമാസിക



# സ്വർഗ്ഗീയ സന്നിധിയിൽ



# മദർ സൂസൻ കുരുവിള

(1927 ജൂലൈ 26 - 2018 മെയ് 29)


**മാർ ഗ്രീഗോറിയോസ് ആശ്രമ സ്ഥാപക**

പ്രാർത്ഥനാദരവോടെ...

## മാർ ഗ്രീഗോറിയോസ് ആശ്രമ കുടുംബം

# ഓർത്തഡോക്സ് യുവജനം
## ത്രൈമാസിക


വിലാസം : ഓർത്തഡോക്സ് യുവജനം
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം - 1
ഫോൺ : 0481 2583997
E-mail : orthodoxyuvajanam1936@gmail.com
facebook : ocymmediawing



## പത്രാധിപ സമിതി

| | |
|---|---|
| പ്രസിഡന്റ് | ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത |
| വൈസ് പ്രസിഡന്റ് | ഫാ. ഷിജി കോശി, കറ്റാനം |
| ജനറൽ സെക്രട്ടറി | ഫാ. അജി കെ. തോമസ് |
| ട്രഷറർ | പേൾ കണ്ണേത്ത് |
| ചീഫ് എഡിറ്റർ | ഫാ. ലൂക്ക് ബാബു |
| പബ്ലീഷർ | ബിനു പാപ്പച്ചൻ |
| ബോർഡ് അംഗങ്ങൾ | റ്റിബിൻ ചാക്കോ<br>ബിബിൻ ബാബു |


## ഉൾത്താളുകളിലൂടെ....


പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം................................02
**കർമവിശുദ്ധിയുടെ വഴിവെട്ടങ്ങളാക്കാം**
ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത

മുഖമൊഴി................................03
**ആത്മീയ ദർശന ഗോപുരം**
യൂഥിക

അതിഥി സന്ദേശം................................04
**പരിശുദ്ധ പരുമല തിരുമേനി മലങ്കരയുടെ മഹിതാചാര്യൻ**
ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത

ലേഖനം................................07
**പരിശുദ്ധ പരുമല തിരുമേനി:**
**സാമൂഹ്യ നവോത്ഥാന പരിശ്രമങ്ങളിലെ കർമവിശുദ്ധി**
ഫാ. ഡോ. സണ്ണി ചാക്കോ, കുന്നംകുളം

വിചിന്തനം................................10
**ഭിന്നതകൾ അലിയുന്ന ഇടം**
ഫാ.ഫിലിപ്പ് തരകൻ, തേവലക്കര






ഓർത്തഡോക്സ്
യുവജനം
ത്രൈമാസിക
ഓർത്തഡോക്സ് ക്രൈസ്തവ
യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം



## പ്രസിഡന്റ് തിരുമേനിയുടെ സന്ദേശം

# കർമവിശുദ്ധിയുടെ വഴിവെട്ടങ്ങളാകാം...

ദൈവനാമം മഹത്വപ്പെടുമാറാക്കട്ടെ ....

സ്നേഹമുള്ള യുവജനപ്രസ്ഥാന പ്രവർത്തരെ,

പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ പെരുന്നാളിനോടനുബന്ധിച്ച് 'യുവജനം' ഒരു പ്രത്യേക പതിപ്പ് ഇറക്കുന്ന പതിവ് ഉണ്ടല്ലോ. ഈ പ്രാവശ്യവും അത് ഭംഗിയായി നിർവഹിക്കപ്പെടുകയാണ്. 120 വർഷം മുമ്പ് ഇഹലോക വാസം വെടിഞ്ഞ് സ്വർഗീയ മഹോന്നതങ്ങളിൽ മഹനീയ മധ്യസ്ഥനായി നിലകൊള്ളുന്ന ആ മഹാ പരിശുദ്ധന്റെ പ്രാർത്ഥനയിലും ജീവിതനിഷ്ഠയുടെ മൂല്യങ്ങളിലും നമ്മുക്കൊരോരുത്തർക്കും അഭയപ്പെടാം.

സ്വന്തം കഴിവിലും ഭൗതീക സമ്പാദ്യങ്ങളിലും ആശ്രയിച്ച് സുഖത്തിനു വേണ്ടി ലക്ഷ്യപ്രാപ്തിയിൽ എത്തുന്ന മനുഷ്യന് തന്റെ ഭാവി - ഭൂത - വർത്തമാന കാലങ്ങളിൽ സമീക്ഷണ മൂല്യങ്ങളെ പ്രകാശമയമാക്കുവാൻ സാധിക്കാതെ പോകുന്നു. അങ്ങനെയുള്ളവരെ ലോകം സമർത്ഥരെന്നോ കുലീനർ എന്നോ മുദ്രയിട്ടാലും പ്രകാശ സമശ്രേഷ്ഠതയെ ജ്വലിപ്പിക്കാൻ സാധിക്കാതെ പോകുന്നുണ്ട്. എന്നാൽ ഭൗതീക സമ്പാദ്യങ്ങളെ നിശബ്ദമാക്കുകയും ആത്മീയ സമ്പാദ്യങ്ങളെ പ്രോജ്വലിപ്പിക്കുകയും ചെയ്യുന്ന അപൂർവം ചില വ്യക്തിത്വങ്ങളുണ്ട്. അവർ മൺചിരാതുകൾ പോലെ പ്രകാശിച്ചാലും യുഗങ്ങൾക്ക് ശോഭ നൽകാനുള്ള ഊർജ്ജം അവരിൽ നിന്ന് ഉണ്ടാകും. ആ അഭൗമിക തേജസിലേക്ക് അനേകർ വന്നണയുകയും, ജീവിതത്തിലുണ്ടാകുന്ന വൈതരിണികളെ തരണം ചെയ്യുവാൻ മാനവൻ ഈ വെളിച്ചത്തെ വഴി വെട്ടമാക്കുവാൻ ശ്രമിക്കുകയും ചെയ്യും. അവർ മഹനീയർ, ശ്രേഷ്ഠർ വിശുദ്ധർ ,പരിശുദ്ധർ തുടങ്ങിയ ആഴമാർന്ന ആത്മീയ പ്രയോഗങ്ങളാൽ സമ്പുഷ്ടരായിരിക്കും. ഇങ്ങനെ സ്വർഗീയതയിൽ ദൈവീക ശ്രേഷ്ഠതയുടെയും, മാനവ ഹൃദയങ്ങളിൽ അംഗീകാരത്തിന്റെയും ആത്മീയ പ്രകാശയവനിയ ഉയർത്തിയ മലങ്കരയുടെ മഹാ പരിശുദ്ധനാണ് പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി.

ഈ പരിശുദ്ധൻ, പ്രാർത്ഥനയും ഉപവാസവും സഹനവും ജാഗ്രതയും നിഷ്ഠയും വിശ്വാസവും കരുണയും സഹാനുഭൂതിയും നന്മയും സത്യവും നീതിയും മാനുഷിക ജീവിതത്തിലൂടെ ആത്മീയ നഭസിൽ സന്നിവേശിപ്പിച്ച അനുഭവ നന്തുനിയായിരുന്നു. ക്രിസ്തു പാതയക്ക് അനുരൂപമല്ലാത്തതിൽ നിന്ന് മാറി നടക്കുകയും അങ്ങനെ മാറി നടക്കാൻ കാലത്തെ കാതലായ തത്വോപദേശത്തിലൂടെ പ്രരിപ്പിക്കുകയും ചെയ്തു എന്നതാണ് ആ പരിശുദ്ധന്റെ 'ജീവിത കർമം'.

അപരന്റെ വേദനകളെ ഉൾക്കൊണ്ട് സ്വാന്തനം നൽകുവാനും, സാമൂഹിക പ്രതിബന്ധതയിൽ കാർമീകനാകുവാനും, അക്ഷരജ്ഞാനത്തിന് വാതായനം തുറക്കുവാനും, അശണരെ ചേർത്തുപിടിക്കാനും പ്രാർത്ഥനയാൽ അപരന്റെ ക്ലേശങ്ങളെ മാറ്റുവാനും പരുമല തിരുമേനി തന്റെ ജീവിത കാലത്ത് ശ്രമിക്കുകയും ജീവിതത്തെ കർമ വിശുദ്ധിയാൽ അലങ്കരിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ വാക്കുകളും ഉപദേശങ്ങളും അത്ഭുതങ്ങളും രൂപപെട്ടത് മുന്നിൽ നിൽക്കുന്നവന്റെ സങ്കടങ്ങളിൽ നിന്നായിരുന്നു. ക്രിസ്തുവിന്റ പാതയിൽ അണുവിട വ്യതിചാലിക്കാത്ത ഈ വിശുദ്ധൻ അപരന്റെ ധർമസങ്കടങ്ങളിൽ ആശ്രയ കനിയായി പരിവർത്തിച്ചിരുന്നു, ഇന്നും പരിവർത്തിച്ച് കൊണ്ടേയിരിക്കുന്നു...

പ്രിയമുള്ളവരേ, മഹാ പരിശുദ്ധനായ പരുമല തിരുമേനിയുടെ മധ്യസ്ഥതയിൽ അഭയം പ്രാപിച്ച് ,ആത്മീയ കർമങ്ങൾക്ക് രൂപവും ഭാവവും ജീവനും നൽകുവാനും സാമൂഹിക പ്രതിബന്ധതയുടെ നാൾ ചരിതം രചിക്കുവാനുമുള്ള പുണ്യ ദിനങ്ങളാക്കി ഈ പെരുന്നാൾ സുദിനങ്ങളെ നമ്മുക്ക് ശ്രേഷ്ഠമാക്കാം.

സ്നേഹപൂർവ്വം,
**ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത**



EDITORIAL

# ആത്മീയ ദർശന ഗോപുരം

അന്ധകാരമയമായിരുന്ന ലോകത്തിന് ജ്ഞാനത്തിന്റെ പ്രകാശമായി വന്ന ക്രിസ്തുവിനോട്, അനുരൂപനായി ജീവിതത്തെ സ്ഫുടം ചെയ്ത ശ്രേഷ്ഠ യോഗീവര്യനാണ് പ. പരുമല തിരുമേനി. നല്ല നിലത്തു വീണ് വളർന്ന കതിർമണിയായി ഇന്നും എന്നും അനേകർക്ക് തണലും ആശ്രയവുമാണ് പരിശുദ്ധ തിരുമേനി. ആരാണ് യഥാർത്ഥ ഭക്തൻ എന്ന ചോദ്യത്തിന് ഭഗവത് ഗീത ശ്രേഷ്ഠമായ ഒരു ഉത്തരം തരുന്നുണ്ട്; 'ഞാനെന്ന ഭാവമില്ലാത്തവനും, സുഖ ദുഃഖങ്ങളെ തുല്യമായി കരുതുന്നവനും ക്ഷമാശീലനും, സദാ സന്തുഷ്ടനും, ഏകാഗ്രചിത്തനും, ആത്മീയ നിയന്ത്രണവും നിശ്ചയദാർഢ്യമുള്ളവനും, മനസും ബുദ്ധിയും ഈശ്വരനിൽ അർപ്പിക്കുകയും ചെയ്യുന്നവനുമണ്' യഥാർത്ഥ ഭക്തൻ. ഈ ഗുണവിശേഷണങ്ങളാൽ സമ്പുഷ്ടമായ പരിപൂർണതയായിരുന്നു പരിശുദ്ധ പരുമല തിരുമേനിയുടെ ഇഹലോകവാസം. ഉത്തമനായ ഭക്തനും ആ ഭക്തിസാന്ദ്രമായ ദിവ്യാനുഭവത്തിലേക്ക് അനേകരെ നയിക്കുവാനും ഈ മുനി ശ്രേഷ്ഠന് സാധ്യമായിട്ടുണ്ട്.... ഇന്നും അനസ്യൂതം അനുവർത്തിക്കപ്പെടുന്നുമുണ്ട്.


ദൈവത്തിന് നിന്ന് ലഭ്യമായ അനുഗ്രങ്ങൾ സ്വന്തമായിട്ടല്ല, മറിച്ച് സഭയ്ക്കും വിശ്വാസികൾക്കും നാനാ ജാതി മതസ്ഥർക്കും പങ്കിട്ട് പകർന്നു നൽകുന്ന ശ്രോതസാണ് ഈ സൂര്യ സമപ്രഭാപൂരിതൻ. ആ ദിവ്യപ്രഭ പുറപ്പെടുവിച്ച പ്രാർത്ഥന, ഉപവാസം, നോമ്പ്,നിഷ്ഠ, വിശുദ്ധി, വിശ്വാസം എന്നിവ വഴിയായുള്ള അനുഗ്രഹങ്ങൾ അനേകരുടെ ആത്മശുദ്ധീകരണത്തിനിദാനമായി തീർന്നു.

പൂവിടരുന്നത് പോലെ കിളി പാടും പോലെ, ഇളം കാറ്റ് വീശും പോലെ, ദൈവോന്മുഖമായി പരിലസിച്ച ആ ആത്മീയ നവോന്മേഷത്തിന്റെ ജീവിത തീർത്ഥാടനവീഥി നമുക്കും അനുകരണീയമാക്കുവാൻ ആ ദിവ്യ മാധ്യസ്ഥതയിൽ അഭയപ്പെടാം... പുണ്യ പിതാവിന്റെ അനുകരണീയ കർമങ്ങൾ യുവതയുടെ ആന്തരീകതയെ ഉത്തേജിപ്പിക്കുന്ന ശ്രേഷ്ഠതയായി പരിവർത്തിക്കാനിടയാകട്ടെ.

'യുവജനം' പ്രത്യേക പതിപ്പ് പരുമല തിരുമേനിയുടെ ശ്രേഷ്ഠ വിശുദ്ധിയ്ക്ക് മുമ്പിൽ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,
**ഫാ. ലൂക്ക് ബാബു (യൂഥിക)**
ചീഫ് എഡിറ്റർ





✍ ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ

# പരിശുദ്ധ പരുമല തിരുമേനി മലങ്കരയുടെ മഹിതാചാര്യൻ

മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പ.പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി മാനവ ലോകത്തിലെ മഹിതാചാര്യനാണ്. ജീവിതം കൊണ്ടും കർമം കൊണ്ടും സഭയ്ക്കും സഭാമക്കൾക്കും മാത്രമല്ല, ലോകത്തിലെ സമസ്തജനതയ്ക്കും പ്രകൃതിക്കും ആധ്യാത്മിക സൗരഭ്യവും അനുകമ്പാപൂർണ്ണമായ പ്രവർത്തനങ്ങളും കാഴ്ചവച്ച പുണ്യപുരോഹിതശ്രേഷ്ഠനാണ് പരി. തിരുമേനി. ഇന്നും അനേകായിരങ്ങൾക്ക്, പതിനായിരങ്ങൾക്ക് ആശ്രയകേന്ദ്രമായി നിലകൊള്ളുന്ന പരുമല കബറിടത്തിൽ പുണ്യവാന്റെ തിരുസാന്നിദ്ധ്യം പ്രത്യേകാൽ അനുഭവിക്കുന്നവരുടെ സാക്ഷ്യം വർദ്ധിച്ചുവരികയാണ്. എവിടെയിരുന്നുകൊണ്ടും പുണ്യവാന്റെ മധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന സകലർക്കും അനുഗ്രഹം ലഭ്യമാണ്. ലോകത്തിന്റെ രക്ഷിതാവായ യേശുക്രിസ്തുവിനോടുള്ള അഭേദ്യ ബന്ധത്തിൽ ലോകത്തിൽ ഉണ്ടായിരുന്നപ്പോഴും ഇപ്പോഴും ചേർന്നുകഴിയുന്ന പുണ്യപിതാവിന്റെ മധ്യസ്ഥത ജാതിമതഭേദമെന്യേ സകലർക്കും പ്രാപ്തമാകും. ആ പുണ്യവാന്റെ ജീവിതവും പ്രവർത്തനങ്ങളും നമുക്കേവർക്കും ഒരു പാഠമായിരിക്കേണ്ടതാണ്.

## 1. പരിശുദ്ധിയുടെ പരിമളവാഹി

പ. പരുമലതിരുമേനിയെ സകലരും അറിയുന്നത് പ്രധാനമായും ''പരിശുദ്ധൻ'' എന്ന നിലയിലാണ്. ''പരിശുദ്ധി'' എന്നതിന് ഗ്രീക്കിൽ ''ഹഗിയോസ്'' എന്നും ''കത്താറോസ്'' എന്നും പറയുന്നു. ഹഗിയോസ് എന്നതിനർത്ഥം ''വേർതിരിക്കപ്പെട്ടത്'' എന്നും കത്താറോസ് എന്നതിന് ''കലർപ്പില്ലാത്തത്'' എന്നും അർത്ഥമാകുന്നു. പരിശുദ്ധ തിരുമേനി എന്തുകൊണ്ടും ഈ രണ്ടുവാക്കുകളുടെ അർത്ഥത്തിന് യോഗ്യനാണ്. ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ ലൗകീകതയുടെ മായാമോഹങ്ങൾക്ക് അതീതനും തിന്മയുടെ കലർപ്പ് തന്റെ ജീവിതത്തിൽ ഉൾക്കൊള്ളാതെ ജീവിച്ച വ്യക്തിയുമായിരുന്നു. ദൈവത്തിനായി തന്നെത്തന്നെ സ്വയം സമ്പൂർണ്ണമായി സമർപ്പിച്ച സമർപ്പിത ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ദൈവീക വിശുദ്ധിയെ കരസ്ഥമാക്കുവാൻ ഭൗതീക സുഖസന്തോഷങ്ങളെ സ്വതന്ത്രമായി തിരസ്ക്കരിക്കുക മാത്രമല്ല അവയോട് നിസംഗതാമനോഭാവം പുലർത്തുകയും ചെയ്തു. പരിശുദ്ധിയുടെ ആരംഭം ദുർചിന്തയുടെ നിരാകരണമാണ്. വിശുദ്ധനായ ദൈവത്തെക്കുറിച്ചും ദൈവീക കാര്യങ്ങളെപ്പറ്റിയും മാത്രം ചിന്തിക്കുകയാണ്

പരിശുദ്ധൻ ചെയ്തത്. ശരീരമാകുന്ന കളിമണ്ണിൽ കളങ്കമേശാതെ സൂക്ഷിക്കുന്നവനല്ല പരിശുദ്ധൻ പിന്നെയോ, തന്റെ അവയവങ്ങളെ ആത്മാവിന് പൂർണ്ണമായി വിധേയപ്പെടുത്തുന്നവനാണ് പരിശുദ്ധൻ. അപ്രകാരം തന്റെ ശരീരത്തേയും ഇന്ദ്രിയങ്ങളെയും സമ്പൂർണ്ണമായി ദൈവഹിതത്തിന് വിധേയമാക്കി ജീവിച്ച പുണ്യവാനാണ് പ. പരുമലതിരുമേനി. മാനുഷികമായി നമുക്ക് സാധിക്കുന്നിടത്തോളം ദൈവസാദൃശ്യത്തെ ആവരണം ചെയ്യുന്നതാണ് വിശുദ്ധി. പ. പരുമലതിരുമേനി ദൈവസാദൃശ്യത്തിലേക്ക് വളർന്നുകൊണ്ടിരുന്ന വ്യക്തിയായിരുന്നതിനാൽ അദ്ദേഹത്തെ ''പരിശുദ്ധൻ'' എന്ന് അഭിസംബോധന ചെയ്യുന്നത് യുക്തവും ന്യായവും ആകുന്നു. പരിശുദ്ധന്റെ ജീവിതം ഇത്രമാത്രം ഉൽകൃഷ്ടമാകാൻ കാരണം അദ്ദേഹത്തിന്റെ ജീവിതത്തിലെ താഴ്മയാണ്. "Humility is the gem cascet of all the virtues'' എല്ലാ സുകൃതങ്ങളുടെയും രാജ്ഞിയാണ് താഴ്മ. താഴ്മ എവിടെയുണ്ടോ അവിടെ എല്ലാ സുകൃതവും ഉണ്ടായിരിക്കും. അപ്രകാരം സുകൃതവാഹിയായ വ്യക്തിത്വമായിരുന്നു തിരുമേനിയുടേത്. വിശുദ്ധിയുടെ ചാലകശക്തിയാണ് പരോപകാര തല്പരത. ഏറ്റവും അവശതയും ദാരിദ്ര്യവും ചൂഷണവും അനുഭവിച്ചവരെ സ്നേഹമാർവ്വിൽ പരിലാളിച്ച വ്യക്തിയായിരുന്നു പരുമല തിരുമേനി.

**2. അതുല്യമായ ആത്മസംശിക്ഷണം**

ആഴമായ ആത്മസംശിക്ഷണത്തിന്റെ അതുല്യമായ വ്യക്തിത്വമായിരുന്നു പരി. പരുമലതിരുമേനിയുടേത്. അനുസ്യൂതമായ പ്രാർത്ഥന, കഠിനമായ ഉപവാസം, ചിട്ടയോടുകൂടിയ നോമ്പ് എന്നിവയിൽ ഏറ്റവും ശ്രദ്ധാലുവും കർക്കശക്കാരനുമായിരുന്നു പരി. തിരുമേനി. ജഡത്തെയും ജഡീക അഭിലാഷങ്ങളേയും അവയുടെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചവാനായിരുന്നു അദ്ദേഹം. ഒരു പരിശുദ്ധൻ പറയുന്നു, ''കർത്താവിന് മുമ്പിൽ വരുമ്പോൾ നിങ്ങളുടെ ആത്മാവിന്റെ ഉടുപ്പ് കറയറ്റ നൂലുകൊണ്ട് നെയ്തതായിരിക്കണം. അല്ലെങ്കിൽ നിങ്ങളുടെ പ്രാർത്ഥന നിഷ്പ്രയോജനമായിരിക്കും''. പരിശുദ്ധന്റെ വിശുദ്ധിയോടുകൂടിയ പ്രാർത്ഥന ദൈവത്തിന് സ്വീകാര്യയോഗ്യമായിരുന്നു. അതിനാൽ അനേക രോഗികൾ സൗഖ്യമായി. പിശാച് ബാധിതർ സൗഖ്യമായി. പല അത്ഭുതങ്ങളും ജീവിച്ചിരുന്നപ്പോൾതന്നെ ചെയ്യുവാൻ കഴിഞ്ഞു. എല്ലാം ദൈവകൃപയാലും ശക്തിയാലും ആയിരുന്നു. കഠിന ഉപവാസവും നോമ്പും മൂലം ശരീരം ക്ഷയിച്ച് രോഗബാധിതനായി. തന്റെ അവസാന നാളുകളിൽ കുടൽ മുറിഞ്ഞ് പുറത്തേക്ക് വന്നതായി പറയപ്പെടുന്നു. ദുഃസഹമായ അതിവേദന സഹിച്ച തിരുമേനി കയറുകൊണ്ട് വയർ ചുറ്റി മുറുക്കി. തന്റെ രോഗസമയത്തും രോഗികളായിരുന്നവരെ സന്ദർശിച്ച് അവർക്കായി പ്രാർത്ഥിച്ച് രോഗസൗഖ്യം നൽകിയിരുന്നു. എന്നാൽ തന്റെ രോഗം മാറുവാൻ ആ പരിശുദ്ധൻ പ്രാർത്ഥിച്ചില്ല. ഉലയിലിട്ട് അനേകപ്രാവശ്യം ഊതിക്കഴിച്ച പൊന്നുപോലെ അതിവേദനയുടെ ഉലയിൽ തന്റെ ആത്മാവിൽ എന്തെങ്കിലും പാപക്കറകൾ ഉണ്ടെങ്കിൽ അതെല്ലാം ഊതിക്കഴിച്ച് പരിപൂർണ്ണ വിശുദ്ധനായി തീരുവാൻ പരിശുദ്ധ തിരുമേനിക്ക് സാധിച്ചു. മാലാഖമാരുടെ സ്വഭാവത്തിലേക്ക് ഉയർന്നു. സ്നേഹത്തിന്റെയും വിശുദ്ധിയുടെയും നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും പരമകാഷ്ഠയിൽ എത്തിച്ചേർന്നു. ആ അനുഭവമാണ് ദൈവീകരണം. അതുല്യമായ ആത്മസംശിക്ഷണത്തിന്റെ അഗ്നികുണ്ഠത്തിൽ ഉരുക്കപ്പെട്ട് പാപക്കറ നിശേഷം നീക്കി പരിശുദ്ധിയുടെ പരമോന്നതാവസ്ഥയിലേക്ക് ഉയർന്ന് പരിലസിക്കുവാൻ സാധിച്ച മലങ്കരയുടെ പരിശുദ്ധന്റെ ജീവിതം നമുക്കേവർക്കും ഒരു പ്രചോദനമാണ്, പ്രബോധനമാണ്.

**3. സമ്പൂർണതയുടെ സന്യാസവര്യൻ**

പ. പരുമല തിരുമേനിയെ സമ്പൂർണതയുടെ സന്യാസവര്യൻ എന്ന് വിശേഷിപ്പിക്കപ്പെടുന്നത് ഉചിതം തന്നെയാണ്. തനിക്ക് അറിവ് വെച്ചുതുടങ്ങിയ പൈതൽ പ്രായം മുതൽ ലോകമയത്വത്തിന്റേതായ മായാലോകത്തിൽ അഭിരമിക്കുവാനല്ല ദൈവേകാര്യങ്ങളിൽ വ്യാപരിക്കുവാനാണ് അദ്ദേഹം ആഗ്രഹിച്ചത്. അതുകൊണ്ടുതന്നെ ലൗകീക കാര്യങ്ങളിലൊന്നും യാതൊരു താല്പര്യവുമില്ലാതെ ദൈവീക ചിന്തയാൽ മനസിനെ രൂപപ്പെടുത്തുന്നതിനും അതിൽ ആനന്ദിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. തികഞ്ഞ ഒരു സന്യാസശ്രേഷ്ഠനായിരുന്നു പ. പരമലതിരുമേനി.

**എന്താണ് സന്യാസം?**

കോപ്റ്റിക് ഓർത്തഡോക് സഭയുടെ പാത്രിയർക്കീസായിരുന്ന പ. പോപ് ഷിനൂഡാ മൂന്നാമൻ സന്യാസത്തെ വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്, ''സന്യാസം ഭൗതീകതയുടെ ആന്തരീക സ്വയത്തെ നിഷ്കാസിതമാക്കുന്ന ജീവിതശൈലിയാണ്. സന്യാസിമാർ ഭൗതീക മാലാഖമാരും സ്വർഗ്ഗീയ മനുഷ്യരുമാണ്. സന്യാസം എല്ലാ ബന്ധനങ്ങളിൽ നിന്നും ബന്ധങ്ങളിൽ നിന്നും ഏകമായതിലേക്കുള്ള സമ്പൂർണ്ണമായ പിൻവാങ്ങലാണ്. സത്യദൈവവുമായുള്ള ആളത്തപരമായ ഐക്യജീവിതമാണ് പ്രണാമം.'' ദൈവത്തെ സാക്ഷീകരിക്കുന്ന, ദൈവമഹത്വത്തേയും ദൈവസ്നേഹത്തേയും വെളിപ്പെടുത്തുന്ന ശ്രേഷ്ഠമായ ജീവിതവിളിയാണ് സന്യാസിയുടേത്. സന്യാസം ദൈവത്തോടും മനുഷ്യരോടുമുള്ള പരിരൂർണ്ണ സ്നേഹത്തിന്റെ പ്രതീകവും പ്രയോഗവും പ്രത്യക്ഷതയുമാണ്. സ്വയം വെറുമയാക്കുന്ന, സ്വയം ത്യജിക്കുന്ന പരിത്യാഗജീവിതത്തിന്റെ പര്യായമായിരുന്നു പുണ്യവാന്റേത്. സന്യാസ ജീവിതപഥത്തിൽ ഏറ്റം പ്രധാനമായ മൂന്ന് ഗുണങ്ങൾ - നിഷ്കപടത, ഉപവാസം, സംയമം എന്നിവ അത്യാവശ്യമാണ്'' ജീവിതം ദൈവത്തിനായി ദൈവീക കാര്യങ്ങൾക്കായി സമ്പൂർണ്ണമായി സമർപ്പിച്ച സമുന്നതമായ സന്യാസവ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. തന്റെ ജീവിതത്തിലേക്ക് പലരേയും ആകർഷിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. അതിൽ അഗ്രഗണ്യനായിരുന്നു പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി. തേജസ്വിയായ അദ്ദേഹത്തിന്റെ ജീവിതം, ഗുരുവായ പരുമല തിരുമേനിയിൽ നിന്നും പകർത്തിയെടുത്ത ആധ്യാത്മികതയുടേതായിരുന്നു.

## 4. മലങ്കരയുടെ മഹിതാചാര്യൻ

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ദൈവം നല്കിയ അമൂല്യ വരദാനമായിരുന്നു പ. പരുമലതിരുമേനി. കർത്താവായ യേശുക്രിസ്തുവിനോടുള്ള അപ്രതിരോധ്യമായ സ്നേഹത്തെ പ്രതി തന്റെ ജീവിതത്തെ തിരുമുൽക്കാഴ്ചയായി സമർപ്പിച്ച മഹിതാചാര്യനായിരുന്നു തിരുമേനി. സഭയ്ക്ക് മാത്രമല്ല, ക്രൈസ്തവർക്കും ലോകത്തിന് മുഴുവനും മഹാനിധിയായി ലഭിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹം. തന്റെ സഭയ്ക്കും ക്രിസ്തീയ സഭകൾക്കും ലോകത്തിനു മുഴുവനും ഇന്നും കർതൃസന്നിധിയിൽ അഭയയാചന നടത്തുന്നു ആ പുണ്യപുരോഹിതൻ. തന്റെ മധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന സകലർക്കുമായി പ്രാർത്ഥിച്ച് കൃപാവരങ്ങൾ തന്റെ അരുമനാഥനിൽ നിന്ന് വാങ്ങിനൽകുന്നു ആ പുണ്യാത്മാവ്. ഹൃദയം നുറുങ്ങി അപേക്ഷിക്കുന്നവർക്ക് സമീപസ്ഥനായ ദയാനിധി, കഷ്ടതയും വേദനയും അനുഭവിക്കുന്നവരുടെ കണ്ണീർകണങ്ങൾ തുടച്ചുകളയുന്ന സ്നേഹനിധി, അതാണ് പരുമല തിരുമേനി.

ഈ ലേഖകന് അടുത്തറിയാവുന്ന ഒരു വ്യക്തിയുടെ ജീവിതസാക്ഷ്യംകൂടി പറഞ്ഞു നിർത്തട്ടെ. തമ്പി എന്ന ഒരു സ്നേഹിതൻ, ആനപ്രമ്പാൽ സ്വദേശി. ആനപ്രമ്പാൽ സെന്റ്ജോർജ്ജ് ഇടവകക്കാരൻ. 25 വർഷങ്ങൾക്ക് മുമ്പ് ഈ ലേഖകൻ അവിടെ വികാരിയായിരുന്ന സമയം. ഒരു ദിവസം ഒരപകടത്തിൽ തമ്പിയുടെ കാൽ ഒടിഞ്ഞു. എല്ലൊടിഞ്ഞ് രണ്ടായി. ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വേണ്ട ചികിത്സ നല്കി. പ്ലാസ്റ്റർ ഇട്ട് വീട്ടിൽ കിടപ്പിലായി. എല്ലുകൾ കൂടുന്നതിനുമുമ്പ് അദ്ദേഹം ആ വേദനിക്കുന്ന കാലുമായി പരുമല വരെ നടന്നുപോയി. പരുമല തിരുമേനിയുടെ മധ്യസ്ഥതയിലൂടെ ആശ്വാസം ലഭിക്കുമെന്ന വിശ്വാസത്തോടെ. ദുഃസഹമായ വേദന അനുഭവിച്ച് മറ്റുള്ളവരുടെ സഹായത്താൽ നടന്ന് പരുമല തിരുമേനിയുടെ കബറിങ്കൽവന്ന് കരഞ്ഞ് പ്രാർത്ഥിച്ചു. അത്ഭുതമെന്നു പറയട്ടെ, തിരിച്ചുപോകാൻ നേരം അദ്ദേഹത്തിന്റെ കാലിന് യാതൊരു വേദനയും ഉണ്ടായില്ല. എല്ലൊടിഞ്ഞതിന്റെ യാതൊരു അസ്വസ്ഥതയും ഉണ്ടായില്ല. പിന്നീട് മരുന്നും വെച്ചുകെട്ടും ഒന്നും നടത്തിയില്ല. പുണ്യവാന്റെ മധ്യസ്ഥതയിൽ ആ ഒടിവ് മാറി കാൽ സൗഖ്യമായി. സാധാരണ നടക്കുന്നതുപോലെ വീട്ടിലേക്ക് തിരിച്ചുപോയി. ഇന്നും വിശ്വസിക്കുന്നവർക്ക് പരിശുദ്ധന്റെ മധ്യസ്ഥതയാൽ അനുഗ്രങ്ങളും കൃപകളും സൗഖ്യങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നു എന്നത് സത്യമാണ്. ആ പരിശുദ്ധന്റെ പ്രാർത്ഥന നമുക്കേവർക്കും കോട്ടയും അഭയസ്ഥാനവുമായിരിക്കട്ടെ.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം
ഓർത്തഡോക്സ് യുവജനം ത്രൈമാസിക





# പരിശുദ്ധ പരുമല തിരുമേനി: സാമൂഹ്യ നവോത്ഥാന പരിശ്രമങ്ങളിലെ കർമവിശുദ്ധി

**✍ ഫാ. ഡോ. സണ്ണി ചാക്കോ, കുന്നംകുളം** OCYM മുൻ കേന്ദ്ര ജോയിന്റ് സെക്രട്ടറി

സഭാജീവിതത്തിൽ വിശുദ്ധി പ്രസരിപ്പിക്കുന്ന ആത്മീയ പിതാക്കന്മാർ സമൂഹത്തിൽ സമസ്ത മേഖലകളിലും ഇടപെട്ട് സാമൂഹ്യ നവോത്ഥാനത്തിന് നേതൃത്വം കൊടുത്തതിന്റെ നേർകാഴ്ചകളാണ് സഭാചരിത്രം ഉദ്ഘോഷിക്കുന്നത്. വാസ്തവത്തിൽ സെക്കുലർ ചരിത്രത്തിൽ സാമൂഹ്യ ഇടപെടലുകളെക്കുറിച്ച് പഠന വിഷയമാക്കുന്നവർ സഭാ പിതാക്കന്മാരുടെ ഈ സംഭാവനകളെ അർഹമായ പ്രാധാന്യത്തോടെ കാണുന്നതിൽ പലപ്പോഴും പരാജയപ്പെടുന്നുണ്ട്. അതിനുകാരണം സഭാപിതാക്കന്മാരുടെ സേവനങ്ങളെ കേവലം പള്ളിക്കുള്ളിലെ വിഷയങ്ങളായി പരിമിതപ്പെടുത്തുന്നതും, അവരുടെ സാമൂഹ്യഇടപെടലുകളെക്കുറിച്ച് സമൂഹത്തെ അറിയിക്കേണ്ടവർ അക്കാര്യത്തിൽ പുലർത്തുന്ന നിസ്സംഗതയും, സർവ്വോപരി ആധുനികതയുടെ യുക്തിചിന്തയും, മത - ദൈവനിരാസവും, കൂടാതെ സഭയിലെ പ്രാദേശിക മഹത്വൽക്കരണ ശ്രമങ്ങളും; ഇങ്ങനെ പലവിധത്തിൽ മലങ്കരസഭാ പിതാക്കന്മാരുടെ സംഭാവനകളെ സമൂഹം അറിയാതെ പോകുന്നു എന്നത് യാഥാർത്ഥ്യമാണ്. ഈ ഒരു പശ്ചാത്തലത്തിൽ വേണം മഹാപരിശുദ്ധനായ പരുമല മാർ ഗ്രിഗോറിയോസ് പിതാവിന്റെ സാമൂഹ്യപരിഷ്കരണ വിലയിരുത്തുവാനും ശ്രമങ്ങളെ പഠിക്കുവാനും അപഗ്രഥിക്കുവാനും.

കേരളം പത്തൊൻപതാം നൂറ്റാണ്ടിൽ അനുഭവിച്ചിരുന്ന എല്ലാ പോരായ്മകളുടെയും പരിമിതികളുടെയും നടുവിലായിരുന്നു. പരിശുദ്ധ പരുമല തിരുമേനി ജീവിച്ചിരുന്നത്. സാമൂഹ്യ തിന്മകളായിരുന്ന ജാതിവ്യവസ്ഥ, അരികുവൽക്കരിക്കപ്പെട്ടവരുടെ ദുസഹമായ ജീവിതാനുഭവങ്ങൾ, ദാരിദ്ര്യം, അസമത്വം, നീതി നിഷേധം, വിദ്യാഭ്യാസം നേടുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത, തത്ഫലമായി സമൂഹം നേരിട്ടിരുന്ന അജ്ഞതയും നിരക്ഷരതയും, യുക്തിരാഹിത്യവും, സാമൂഹ്യ അസമത്വവും ഇങ്ങനെ സമൂഹത്തെ അധഃപതനത്തിലേക്ക് നയിക്കുന്ന അഥവാ നയിച്ചിരുന്ന നിരവധി ഘടകങ്ങൾ നിലനിന്നിരുന്ന ഒരു സാമൂഹ്യ ഘടന. ഈദൃശ സാമൂഹ്യ വ്യവസ്ഥിതിക്കെതിരെ പ്രതികരിക്കുവാനും, പരിമിതികൾക്കുള്ളിൽ നിന്ന് വ്യവസ്ഥാപിത മാർഗത്തിലൂടെ ഒരു പുനരുജ്ജീവനം, നവോത്ഥാനം അഥവാ സഫലമാക്കുവാനും പരിശുദ്ധ പിതാവ് പരിശ്രമിച്ചതിന്റെ കർമകാണ്ഡമാണ് ആ ജീവിതം. കേവലം ആദർശങ്ങൾ പ്രസംഗിക്കുന്നവർക്ക് പ്രവർത്തിയിലൂടെ നവോത്ഥാനം സഫലമാക്കിയ പരിശുദ്ധ മാതൃകയാണ് 1902ൽ അരുമനാഥന്റെ സന്നിധി പൂകിയ മലങ്കരയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധൻ അഭിവന്ദ്യ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അഥവാ പരിശുദ്ധ പരുമല തിരുമേനി. ആ പരിശുദ്ധ പിതാവിന്റെ സാമൂഹ്യ നവോത്ഥാന പരിശ്രമങ്ങളെ സംശുദ്ധമായി പരിശോധിക്കാം.

## 1. പാർശ്വവത്കൃത സമൂഹത്തെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമം.

യേശുവിന്റെ ജനനവും, ബാല്യവും, എളിമനിറഞ്ഞ ജീവിത സാഹചര്യവും, പ്രബോധനങ്ങൾ പ്രവർത്തിയിലൂടെ ദൃശ്യവൽക്കരിക്കുന്നതും, സമൂഹത്തിലെ എല്ലാ തുറകളിലും ഉള്ളവരുമായി സമ്പർക്കം പുലർത്തുന്നതും, മുക്കുവരെ ശിഷ്യഗണത്തിൽ ചേർക്കുന്നതും, വിശുദ്ധരും പാപികളും ധനികരും ദരിദ്രരും പണ്ഡിതരും പാമരരും



ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ പരിച്ഛേദം ക്രിസ്തുവിന്റെ അനുയായികളിൽ ഉൾപ്പെട്ടിരുന്നതും, സമൂഹത്തിലെ ജാതീയമായ ഉച്ചനീചത്വങ്ങളെ അനാവരണം ചെയ്തതും, അവയ്ക്കെതിരായി സമത്വഭാവേന പരസ്പരം സ്നേഹിക്കണമെന്ന് ആഹ്വാനം ചെയ്തതും, ദിവ്യകാരുണ്യത്തിന്റെ ജീവൽ മാതൃകയായി പരിലസിച്ചതും, കുരുടരും മുടന്തരും കുഷ്ഠ രോഗികളും മാനസിക അസ്വസ്ഥതകൾ പ്രകടിപ്പിച്ചവരും യഹൂദന്മാർക്ക് അസ്പൃശ്യരായ ശമര്യരെയും അധഃകൃതരെയും ചേർത്തു പിടിച്ചതും എല്ലാം, ദൈവീകരണത്തിന്റെ വഴിയിൽ ബഹുദൂരം പിന്നിട്ട പരിശുദ്ധ പരുമല തിരുമേനി മാതൃകയാക്കി എന്നതിൽ അത്ഭുതത്തിന് വകയില്ല. ജീവിതവിശുദ്ധിയുടെ ബഹിർസ്ഫുരണമാണ് സമൂഹത്തോടുള്ള ഉത്തരവാദിത്ത നിർവഹണം എന്ന് ആ മഹാപരിശുദ്ധന്റെ ജീവിതം സാക്ഷിക്കുന്നുണ്ട്.

സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ ജാതിവ്യവസ്ഥ ശക്തമായി നിലനിന്നിരുന്ന ഒരു സാഹചര്യത്തിലാണ് പരിശുദ്ധ പിതാവ് അതിനതീതമായി, സർവ്വമനുഷ്യരും ദൈവസന്നിധിയിൽ സഹോദരങ്ങളാണെന്നും, തുല്യരാണെന്നും, ദൈവസ്നേഹത്തിന്റെ പരസ്പരം പ്രകടനം ജീവിതാനുഭവത്തിലൂടെ മാതൃകയായി കാണിക്കുവാൻ നാം ബാധ്യസ്ഥരെന്നും സഭാമക്കളെ പഠിപ്പിച്ചതും, നിരവധി അധകൃതരെ മനപരിവർത്തനം ചെയ്തു ക്രിസ്തുവിന്റെ ഗാത്രത്തിലേക്ക് ആകർഷിച്ചതും. സ്ലീബാദാസ സമൂഹ സ്ഥാപകനായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ്, മലങ്കര സഭാരത്നം അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തുടങ്ങിയ പിതാക്കന്മാർ ഈ പിതാവിന്റെ സ്വാധീനത്തിന്റെ പ്രയോക്താക്കളായിരുന്നു.

## 2. വിദ്യാലയങ്ങളുടെ സംസ്ഥാപനത്തിലൂടെ അക്ഷരാഭ്യാസമുള്ള വിദ്യാസമ്പന്നരെ സമൂഹത്തിൽ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമം.

പത്തൊമ്പതാം നൂറ്റാണ്ടിൽ ആധുനിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചവരിൽ വിദേശികളും തദ്ദേശിയരുമായ മിഷനറിമാർ ഉണ്ടായിരുന്നു എന്നത് ചരിത്രം. സാമാന്യ ജനങ്ങളെ സദാചാരബോധം ഉള്ളവരാക്കുന്നതിലും അനാചാരങ്ങളെ അതിജീവിക്കുന്നതിലും, കുടുംബ ബന്ധങ്ങളുടെ പവിത്രത പരിരക്ഷക്കുന്നതിലും, വിശാല മനസ്കരാക്കുന്നതിലും ഒരു തദ്ദേശീയ മിഷനറി എന്ന നിലയിൽ പരിശുദ്ധ പിതാവ് സമൂഹത്ത ബോധവൽക്കരിക്കുന്നതിൽ സർവ്വഥാ ജാഗരൂകനായിരുന്നു. പിതാവിന്റെ പ്രബോധനങ്ങളും എഴുത്തുകളും, പ്രവർത്തനങ്ങളും ഇവ വെളിവാക്കുന്നുണ്ട്.

വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ ഒരു തലമുറയെ ബോധവൽക്കരിക്കുവാനാകൂ എന്നതും ബോധവൽക്കരണത്തിലൂടെ മാത്രമേ സാമൂഹ്യ പുരോഗതി കൈവരിക്കാനാകൂ എന്നതും പരിശുദ്ധ പിതാവിന്റെ ദർശനങ്ങൾ ആയിരുന്നു. അന്നത്തെ മലങ്കരമെത്രാപ്പോലീത്തായുടെ ശക്തമായ പിൻബലമായിരുന്ന പരിശുദ്ധ പിതാവ്, സഭയുടെ നിലവിലുള്ള വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ശക്തമായ വക്താവും, നിരവധി വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ സ്ഥാപകനും, അനേകം സ്കൂളുകളുടെ പ്രചോദനവും ആയിരുന്നു എന്നത് സുവിദിതമാണ്.

വ്യത്യസ്ത തട്ടുകളിലായി നിലനിന്നിരുന്ന സമൂഹത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ വ്യാപൃതനാവുക എന്നത് തികച്ചും വെല്ലുവിളിയായിരുന്ന കാലഘട്ടത്തിൽ, അധഃകൃതരുടെ ഉദ്ധാരണത്തിനായി പരിശുദ്ധ പിതാവ് നിർവഹിച്ച വിദ്യാഭ്യാസപ്രവർത്തനങ്ങൾ ശ്ലാഘനീയങ്ങളാണ്. കുന്നംകുളം, മുളന്തുരുത്തി, തിരുവല്ല എന്നിവിടങ്ങളിൽ പരിശുദ്ധ പിതാവിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ മൂന്ന് പ്രധാന വിദ്യാലയങ്ങൾ ആ പ്രദേശത്തിന്റെ വളർച്ചയ്ക്ക് നൽകിയ സംഭാവനകൾ സവിശേഷതരമായിരുന്നു. വിദ്യാഭ്യാസം ലഭിച്ച സമൂഹത്തിന് ഒരു നാടിന്റെ പുരോഗതിക്ക് എത്രമേൽ സ്വാധീനം ചെലുത്തുവാൻ കഴിയുമെന്നുള്ളത് അനുഭവങ്ങളുടെ പിൻബലമുള്ള യാഥാർത്ഥ്യമാണല്ലോ. നിരണം ഭദ്രാസനത്തിന്റെ ചുമതലയുണ്ടായിരുന്ന പരിശുദ്ധ പിതാവിന്റെ ശ്രമഫലമായി ആ പ്രദേശങ്ങളിലും നിരവധി പള്ളിക്കൂടങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം ആ പിതാവിന്റെ കർമവിശുദ്ധിയുടെ സാഫല്യമാണ്.

## 3. സമൂഹത്തിൽ നേതൃപദം അലങ്കരിക്കേണ്ട വൈദികരെ സാമൂഹ്യ നവോത്ഥാന പരിശ്രമങ്ങൾക്കായി സജ്ജമാക്കുന്ന പരിശ്രമം.

സാമൂഹ്യ പരിഷ്കാരശ്രമങ്ങളിൽ ശക്തമായ നേതൃത്വം വഹിക്കാവുന്നവരാണ് വൈദികർ എന്ന തിരിച്ചറിവിൽ നിന്നാണ് വൈദിക വിദ്യാഭ്യാസത്തിന്റെ പ്രാരംഭം. എന്നാൽ മലങ്കരസഭയിൽ നവീകരണ പ്രതിസന്ധി നേരിട്ട് കാലഘട്ടത്തിൽ പഴയസെമിനാരി പഠനം യഥാവിധി നിർവഹിക്കുവാൻ സാധ്യമല്ലാത്ത ഒരു പരിതസ്ഥിതിയിൽ, പരുമലയിൽ സഭ ഒരു വൈദികപഠനകേന്ദ്രം സ്ഥാപിച്ച് പരിശുദ്ധ പിതാവിനെ സെമിനാരിയുടെ ചുമതല ഏൽപ്പിച്ചിരുന്നുവല്ലോ. അവിടെ ആത്മീയ ജ്യോതിസ്സുകളും, കേരളത്തിന്റെ സാമൂഹ്യപുരോഗതിക്ക് ശക്തമായ നേതൃത്വം നൽകിയവരുമായ നിരവധി വൈദികരെ പരിശീലിപ്പിക്കുവാൻ പിതാവിനെ കഴിഞ്ഞു എന്നതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളായിരുന്നു അവിടെ പരിശീലനം

സിദ്ധിച്ച് പുറത്തിറങ്ങിയ വൈദികനേതൃനിര. പരിശുദ്ധ പിതാവിനോടൊപ്പം സാമൂഹ്യപരിഷ്ക്കാരശ്രമങ്ങളിൽ പ്രവർത്തനക്ഷമമാകുവാൻ അവർക്ക് കഴിഞ്ഞു എന്നത് പിൽക്കാല സഭാചരിത്രം സാക്ഷിക്കുന്നുണ്ട്. പരിശീലനം സിദ്ധിച്ച വൈദികരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുവാൻ അന്നത്തെ നിരണം ഭദ്രാസനാധിപനായിരുന്ന പരിശുദ്ധ പരുമല തിരുമേനിക്ക് കഴിഞ്ഞിട്ടുണ്ട്. ആന്തരിക വിശുദ്ധിയും, സഭാസ്നേഹവും, സഹജീവികളോടുള്ള പ്രതിബദ്ധതയും സമന്വയിപ്പിക്കുന്നതായിരുന്നു അവിടുത്തെ പരിശീലന രീതി, പിതാവിന്റെ വിശുദ്ധ ജീവിതത്തെ മാത്രം ഉയർത്തിക്കാണിക്കുന്ന രീതി, സഭ പില്ക്കാലത്ത് അവലംബിച്ചപ്പോൾ, സമൂഹത്തിന്റെ സമസ്തമേഖലകളിലും ആ പിതാവ് പ്രസരിപ്പിച്ച കർമവിശുദ്ധി വേണ്ടത്ര പ്രതിഫലിപ്പിക്കുവാൻ നാം ഉൾപ്പെടുന്ന സഭയ്ക്ക് കഴിഞ്ഞുവോ എന്നത് ആത്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

### 4. സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി സഭയിൽ നിരന്തരമായി പ്രബോധനം നൽകുന്നതിനുള്ള പരിശ്രമം.

സഭയിലും സമൂഹത്തിലും സ്ത്രീകളുടെ സ്ഥാനവും നേതൃത്വവും അദ്വിതീയമാണെന്ന ഉദാത്തചിന്ത പരിശുദ്ധ പിതാവിന്റെ പ്രബോധനങ്ങളിലും, ലേഖനങ്ങളിലും കൽപനകളിലും നമുക്ക് ദർശിക്കാവുന്നതാണ്. ഒരു സമൂഹത്തിന്റെ മേന്മ, ആ സമൂഹം സ്ത്രീകൾക്ക് നൽകുന്ന പദവിയും ആദരവും ആണെന്ന് ആ പിതാവ് വിശ്വസിച്ചിരുന്നു. സ്ത്രീ ശാക്തീകരണത്തിന് ആധുനിക സമൂഹം നൽകുന്ന പ്രാധാന്യം ഇപ്രകാരമുള്ള ദർശനങ്ങളുടെ ആവിഷ്കാരമാണെന്ന് ഗ്രഹിക്കാവുന്നതേയുള്ളൂ. ബാല്യവിവാഹം നിലനിന്നിരുന്ന അന്നത്തെ ചുറ്റുപാടിൽ, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് അതുണ്ടാക്കുന്ന പ്രതിസന്ധി പരിശുദ്ധ പിതാവിനെ അലോസരപ്പെടുത്തിയിരുന്നു. അതിനാൽ സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുമ്പോൾ ബാല്യവിവാഹം എന്ന സാമൂഹ്യ ആചാരം നിർത്തലാക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി പരിശുദ്ധ പിതാവ് പ്രബോധനം നൽകിയിരുന്നു. കൂടാതെ സ്ത്രീ വിദ്യാഭ്യാസത്തിന് വേണ്ടി സ്കൂളുകൾ സ്ഥാപിക്കുന്നതിന് പ്രത്യേക ശ്രദ്ധയും ആ പിതാവ് പുലർത്തിയിരുന്നു.

**ഉപസംഹാരം**

സമൂഹത്തിന്റെ മറ്റ് മേഖലകളിലും പരിശുദ്ധ പിതാവിന്റെ സാന്നിധ്യം പ്രകടമായിരുന്നു. 1891 ലെ മലയാളി മെമ്മോറിയലിന്റെ അസ്വഭാവികതയും, അപര്യാപ്തതയും, അപാകതയും പരിഹരിച്ചുകൊണ്ട് എല്ലാ മതവിഭാഗങ്ങളുടെയും പ്രാധിനിത്യം ഉറപ്പാക്കി സമർപ്പിക്കപ്പെട്ട കൗണ്ടർ മെമ്മോറിയലിന്റെ പ്രചോദനമായ, അന്നത്തെ മലങ്കരമെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം ആയിരിക്കാം കൗണ്ടർ മെമ്മോറിയലിന്റെ ഭാഗമായി ആലപ്പുഴയിൽ സംഘടിപ്പിച്ച സമ്മേളനത്തിന്റെ അധ്യക്ഷപദം പരിശുദ്ധ പരുമല തിരുമനസ്സുകൊണ്ട് അലങ്കരിച്ചത്. ആ അർത്ഥത്തിൽ ഏതെങ്കിലും ഒരു സമുദായത്തിന്റെ മാത്രം ഉന്നമനം എന്ന പരിമിത ലക്ഷ്യത്തിൽ നിന്നുയർന്ന്, നാടിന്റെ സർവ്വതോമുഖമായ ഉന്നമനം ലക്ഷ്യമാക്കി എന്നതാണ് പരിശുദ്ധന്റെ സാമൂഹ്യദർശനത്തിന്റെ പ്രസക്തി.

ഇന്ന് ആധുനിക മലങ്കരസഭ സമൂഹത്തിൽ നേടിയ അദ്വിതീയ സ്ഥാനം, അതിന്റെ സാംസ്കാരിക ഔന്നിത്യം, വിദ്യാഭ്യാസ പുരോഗതി, കാലാതിവർത്തിയായ പുരോഗമന ചിന്തകൾ തുടങ്ങിയവയിലെല്ലാം തന്നെ പൂർവ്വപിതാക്കന്മാരുടെ ത്യാഗത്തിന്റെയും, സമർപ്പണത്തിന്റെയും, നിശ്ചയദാർഢ്യത്തിന്റെയും സൂചനകൾ ഒളിഞ്ഞും തെളിഞ്ഞും കാണാവുന്നതാണ്. അവയിൽ നാം പ്രത്യേകം സ്മരിക്കുന്ന പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾ ശ്രദ്ധേയമാണ്. പ്രവർത്തന ക്ഷമമായ ദൈവീകരണത്തിന്റെ പ്രത്യക്ഷ മാതൃകയായി പരിലസിച്ച പരിശുദ്ധ പരുമല തിരുമേനി, വിശുദ്ധ ജീവിതം കൊണ്ടും, പ്രാർത്ഥനാനിർഭരത കൊണ്ടും, പ്രവർത്തനക്ഷമത കൊണ്ടും, ക്രിസ്തുജീവിതത്തെ സമകാലീനമാക്കുവാൻ യത്നിച്ച മഹാനുഭാവനായിരുന്നു. കേവലം ആന്തരിക വിശുദ്ധി പാലിക്കുവാൻ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞ് ഏകാന്തതയിൽ കഴിയുന്നതും, തപസ്സിലൂടെ ആർജിക്കുന്ന ജ്ഞാനം കൊണ്ട് ബോധോദയം ഉണ്ടാകുന്നതും വിശുദ്ധിയുടെ സമഗ്രഭാവമല്ല എന്നുള്ള ക്രിസ്തുദർശനം, അക്ഷരത്തിലും ആത്മാവിലും ഉൾക്കൊണ്ട്, യഥാർത്ഥ നിയോഗം തിരിച്ചറിഞ്ഞ് ലോകത്തെ നവീകരിക്കുവാനും, സാമൂഹ്യ ഇടപെടലുകളിലൂടെ മാനവരാശിയുടെ ആത്മ ശരീര മനസ്സുകളുടെ സമഗ്രവികാസം കൈവരി ക്കുവാനുള്ള മാർഗ്ഗത്തിലൂടെ പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിച്ച് നിർവ്വഹിച്ച, മലങ്കരയുടെ മഹാപരിശുദ്ധന്റെ ജീവിതം മാതൃകയാക്കുവാൻ, സഭയെക്കുറിച്ചും, സമൂഹത്തെക്കുറിച്ചും, നാടിനെക്കുറിച്ചും, ഉണർന്നിരുന്ന് ഉദാത്ത സ്വപ്നങ്ങൾ കാണുന്ന, മലങ്കരയുടെ തിരുത്തൽ ശക്തിയായ യുവതയ്ക്ക് ഇടയാകട്ടെ എന്ന് വിനയപൂർവ്വം ആശംസിക്കുന്നു.

പരി.പരുമല തിരുമേനിയുടെ മധ്യസ്ഥതയിൽ
**ബിനു ജോർജ്, സെന്റ്. ജോർജ് ഓർത്തഡോക്സ് ചർച്ച്, കുളക്കട കൊല്ലം മെത്രാസനം**

# ഭിന്നതകൾ അലിയുന്ന ഇടം



✍ ഫാ. ഫിലിപ്പ് തരകൻ
OCYM മുൻ കേന്ദ്ര വൈസ് പ്രസിഡന്റ്

ക്രിസ്തുവിന്റെ മാർവ്വിൽ ചാരിയ യോഹന്നാൻ ശ്ലീഹാ ലോകത്തോട് മന്ത്രിച്ച ചന്തമുള്ള പദമാണ് ''സ്നേഹം'. സാഹോദര്യത്തന്റെ ഇന്ധനം സ്നേഹമാണ്. പരുമല സ്നേഹം വന്നൊഴുകുന്ന ഇടമാണ്. ജാതി, മത, വർണ്ണ, വർഗ്ഗ വ്യത്യാസങ്ങൾക്കുമപ്പുറം മനുഷ്യൻ ഇവിടേക്ക് ഒഴുകിയെത്തുന്നു ഇവിടേക്ക്.

## അൾത്താര....

ആദ്യത്തെ അൾത്താര ഒരുക്കിയത് കായിനും ഹാബേലും... അവിടെ നഷ്ടമായത് സാഹോദര്യവും. യാഗത്തിന്റെ നടുവിൽ അസൂയയുടെ കനലെരിഞ്ഞപ്പോൾ അത് ദൈവത്തിന് പ്രീതികരമല്ലാതായി.... കാൽവരിയിൽ ക്രിസ്തു ഒരുക്കുന്ന ബലിപീഠമുണ്ട്... ഉപദ്രവിക്കുന്നവനെപ്പോലും ചേർത്ത് പിടിക്കുന്ന ദൈവമാണ്. മാക്സിം ഗോർക്കി പറയുന്നപോലെ അപരന്റെ ശബ്ദം സംഗീതമായ് മാറുന്ന ഇടമാണത്.

''സാഹോദര്യം യാഗമണ്ണിന്റെ ഭാവമാണ്....'' പരുമലയിൽ നിർവ്വഹിക്കുന്ന ഓരോ ആരാധനയും പ്രപഞ്ചത്തെ ചേർത്ത് പിടിക്കുന്നു. പരിശുദ്ധ പരുമല തിരുമേനി ഉയർത്തിപ്പിടിച്ച മാനവികത ഒളിമങ്ങാതെ നിൽക്കുന്നു.

## ഗുരു....

'ഗുരു' ഇരുട്ട് മായിക്കുന്നവൻ.. അതുകൊണ്ടാണ് പറയുന്നത് "A guru is not someone who hold a torch for you. He is the torch.... വെളിച്ചമായ് മാറാനാണ് ക്രിസ്തു ആഹ്വാനം ചെയ്തത്...

വെളിച്ചമായ് മാറിയ പരുമല തിരുമേനിയെ രൂപപ്പെടുത്തിയ ഗുരുക്കന്മാരിൽ വിവിധ മതസ്ഥർ ഉണ്ട്.. ഓണക്കാവിൽ അയ്യായും, മാങ്കടിൽ മണി ആശാനുമൊക്കെ അവരിൽ ചിലർ... വിശാലമായ സ്നേഹമാണ് ആത്മീയതയുടെ ആദ്യ ചുവട്. അത് അഭ്യസിച്ചത് ഗുരുക്കന്മാരിൽ നിന്നാണ്.... ഹൃദയം ഇടുങ്ങുന്നതാണ് ഈ കാലത്തിന്റെ പ്രതിസന്ധി... ഹൃദയ ധമനികളിലെ ബ്ലോക്കുകളേക്കാൾ അപകടകരമാണത്. തന്നോട് കലഹിച്ച ചെറുപ്പക്കാരനെ കുറിച്ച് ക്രിസ്തു പറഞ്ഞത്...നിഷ്കളങ്കനായ ഇസ്രായേല്യൻ എന്നാണ്. ഒരുവന്റെ ഉള്ളിലെ genuiness കണ്ടെത്താൻ കഴിയുന്നതാണ് ആത്മീയത... അവിടെയാണ് ഇരുൾ മായിക്കുന്ന പരുമല തിരുമേനി രൂപപ്പെട്ടത്.

## സുവിശേഷം...

'സർവ്വ ജനത്തിനുമുണ്ടാകാനുള്ള മഹാസന്തോഷമാണ്' ക്രിസ്തു... ജീവിതം സുവിശേഷമാകുന്നത്. മാനവികതയുടെ ഭാവത്തിലാണ്... വിശുദ്ധി, പൂവിരിയുന്നതു പോലെയാണ്. മണം ചൊരിഞ്ഞ് മനോഹാരിത ലോകത്തിന് പകർന്ന് മറയുന്ന ജീവിതം...അപരനു വേണ്ടിയുള്ള പകരലാണത്.

അർക്കനെരിയുന്നത്.... അതിനു വേണ്ടിയല്ല. അപരനുവേണ്ടിയാണ്... ആ വെളിച്ചത്തിലാണ് ഭൂമിയിൽ ജീവിതം മുളയ്ക്കുന്നതും വളരുന്നതും... പരുമല തിരുമേനി പറയുന്നു "Be rich in love of man and love of God. Brothers should never defeat each other. When you move away from you are sure to move away from God".

മനുഷ്യ ജീവിതത്തെക്കുറിച്ചുള്ള എത്ര മനോഹരമായ ദർശനമാണിത്...വിടർന്ന പൂവിനും പ്രകാശിക്കുന്ന സൂര്യനെയും പോലെ വിളങ്ങുന്ന മനുഷ്യനെ ഇങ്ങനെ പറയാൻ... പ്രവർത്തിക്കാൻ കഴിയൂ...

ആരാധനക്ക് കയറുവാനുള്ള യോഗ്യത സാഹോദര്യമാണെന്ന് ക്രിസ്തു പഠിപ്പിച്ചു. അതിനുള്ള



Entry Card നമ്മിലുണ്ടോ എന്ന് വിശുദ്ധൻ ചോദിക്കുന്നു.

സർവ്വ മനുഷ്യർക്കുമായ് തുറന്നു വെച്ചിരിക്കുന്ന പ്രകൃതി വിഭവങ്ങൾ പോലെയാണ് വിശുദ്ധന്റെ ജീവിതം... അതു കൊണ്ടാണ് അത് നുകരാൻ പരുമലയിലേക്ക് എല്ലാ വിഭിന്നത കളും മറന്ന് ജനം ഒഴുകുന്നത്. തിരുമേനി വീണ്ടും കുറിക്കുന്നു. “Avoid arrogance, quarrel and pride while dealing in church matters; instead let your humility shine before others. Those who place their trust in God and satisfy the people are blessed.”

നമ്മുടെ ജീവിത ശൈലി കൊണ്ട് നല്ല വിശേഷങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നുണ്ടോ. മരത്തിന്റെ ചോദ്യം പോലെ എന്നിൽ നിന്ന് കുരിശ് കടയുന്ന നീ നിന്നിൽ നിന്ന് ക്രിസ്തുവിനെ ഉയിർപ്പിക്കാൻ കഴിയുന്നുണ്ടോ...?

## കരുതൽ...

ഉത്ഥിതനായ ക്രിസ്തുവിന്റെ ആദ്യ ചോദ്യം ‘‘സ്ത്രീയേ എന്തിനാണ് നീ കരയുന്നത്’’ എന്നാണ്. അപരന്റെ സങ്കടങ്ങളി ലേക്കുള്ള അന്വേഷണമാണ് സെൻസിറ്റിവിറ്റി (Sensitivity) "The sole meaning of life is to serve humanity'' എന്ന് പറഞ്ഞത് ലിയോ ടോൾസ്റ്റോയിയാണ്. വിശക്കുന്ന വയറുമായി എത്രയോ പേർ തിരുമേനിയുടെ അടുത്തുവന്നു. അവർക്ക് അന്നമേകിയാണ് മടക്കിയത്. നിസ്സഹായരായി എത്രയോ പേർ വന്നു. ഹൃദ്യമായി കരുതൽ നൽകിയാണ് അവരെ യാത്രയാക്കിയത്.

വർണ്ണ വിവേചനത്തിന്റെ മണ്ണിൽ, അസ്പർശ്യതയുടെ പേരിൽ മനുഷ്യകോലങ്ങളെ ആട്ടിയകറ്റിയപ്പോൾ.... പുറജാതി മിഷനിലൂടെ അവരെ ചേർത്ത് പിടിച്ചത് തിരുമേനിയാണ്.

മദർ തെരേസ കുറിക്കുന്നു ‘മരിക്കുന്നതിനുമുൻപേ മനുഷ്യനെ പുഞ്ചിരിക്കാൻ സഹായിക്കുക‘

കരഞ്ഞുകൊണ്ട് വന്ന എത്രയോ പേർ തിരുമേനിയുടെ കരുതലിൽ ചിരിച്ചുകൊണ്ട് മടങ്ങുന്നു. ഇന്നും പരുമലയുടെ മണ്ണിൽ കരഞ്ഞുകൊണ്ട് വന്നവർ പുഞ്ചിരിയോടെ മടങ്ങുന്നത് കാണാം.

## സഹനം...

"There is a ring in suffering" എന്ന് കുറിച്ചത് എ.പി.ജെ. അബ്ദുൾകലാമാണ്. ദാരിദ്ര്യത്തിലും രോഗത്തിലും കർത്താവിൽ പ്രത്യാശയർപ്പിച്ചു. വിശ്വാസത്തിന്റെ സമ്പന്നത കൊണ്ട് വേണം സഹനത്തെ നേരിടാൻ.... വ്രതങ്ങൾ തിരുമേനിക്ക് കരുത്ത് പകർന്നു.

### സഹനത്തിന്റെ ഗന്ധമെന്താണ്...?

കുരിശേറുമ്പോൾ ക്രിസ്തുവിന്റെ ചോരയ്ക്ക് ഏത് മണമായിരുന്നു.... വിയർപ്പിന് ഏത് ഗന്ധമായിരുന്നു. സ്നേഹത്തിന്റെ ഗന്ധം... ഒരമ്മയുടെ ഗർഭകാലത്തെ സഹനത്തിനും ആ ഗന്ധമാണ്. സഹനത്തിൽ നിന്നാണ് പുതിയ പിറവികൾ ഉണ്ടാകുന്നത്. ക്രിസ്തുവിൽ ഒരുവൻ പുതിയ സൃഷ്ടിയായി മാറുന്നത് അങ്ങനെയാണ്....

ക്രിസ്തുവിന്റെ സഹനത്തിൽ സ്നാനം ചെയ്ത ജന്മമാണ് പരുമല തിരുമേനിയുടേത്. ‘എന്റെ മാംസത്തിൽ ഞാൻ ദൈവത്തെ കാണും’ എന്ന പ്രാർത്ഥനയുടെ കരുത്ത് ധ്യാനിക്കണം. സഹനത്തിൽ സ്നാനം ചെയ്യുന്ന ഒരുവനും മാനവികതയിൽ നിന്ന് അകലെയല്ല.

കോരിച്ചൊരിയുന്ന മഴയത്ത് കുടക്കീഴിൽ സ്ഥലമില്ലെങ്കിലും ഒരുവനെക്കൂടി ചേർത്ത് പിടിക്കുമ്പോഴാണ് ആ മഴ സംഗീതമായ് മാറുന്നത്. മാനവരാശിയെ ചേർത്ത് പിടിക്കുന്ന പരുമലയിൽ മഴ സംഗീതമാകുന്നു.... വേനൽ നിലാവാകുന്നു.... പൂവ് പോലെ ഒരു ജീവിതം അവിടെ ധ്യാനിക്കപ്പെടുന്നു. അർക്കനെപോലെ ഒരു ജീവിതം അവിടെ തിളങ്ങുന്നു....

പരി.പരുമല തിരുമേനിയുടെ മധ്യസ്ഥതയിൽ
പുത്തൂർ സെന്റ്. ജോർജ് യൂണിറ്റ്
പുത്തൂർ സെന്റ് ജോർജ്ജ് വലിയ പള്ളി, കൊല്ലം മെത്രാസനം



# നന്ദി...

കർത്താവിൽ പ്രിയരെ,

യുവജനം ത്രൈമാസികയുടെ പരുമല പെരുന്നാൾ സ്പെഷ്യൽ പതിപ്പ് മനോഹരമായി പുറത്തിറക്കാൻ സഹായിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. പ്രത്യേകിച്ച് ലേഖനങ്ങൾ നൽകിയവർ, പരസ്യങ്ങൾ നൽകി സഹായിച്ച മുൻകാല ഭാരവാഹികൾ, വ്യക്തികൾ, യൂണിറ്റുകൾ, സ്ഥാപനങ്ങൾ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. തുടർന്നും ഏവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാൾ ആചരിക്കുന്ന വേളയിൽ ആ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് ഈ ലക്കം യുവജനം ത്രൈമാസിക പ്രത്യേക പതിപ്പ് നിങ്ങൾക്കായി സമർപ്പിക്കുന്നു.

**ബിനു പാപ്പച്ചൻ**
പബ്ലിഷർ




| DATE | DAY | TIME | DIOCESE |
|---|---|---|---|
| 26.10.2022<br>27.10.2022 | WEDNESDAY<br>THURSDAY | 5.00 P.M - 8.30 A.M | THIRUVANANTHAPURAM<br>KOTTARAKKARA - PUNALOOR |
| 27.10.2022 | THURSDAY | 8.30 AM - 5.00PM | NILACKAL, AHAMMMADABAD |
| 27.10.2022<br>28.10.2022 | THURSDAY<br>FRIDAY | 5.00PM-8:30AM | KOCHI, DELHI |
| 28.10.2022 | FRIDAY | 8.30AM-5:00PM | ANGAMALI, KANDANAD(E) |
| 28.10.2022<br>29.10.2022 | FRIDAY<br>SATURDAY | 5.00 P.M - 8.30 A.M | KOLLAM, MUMBAI |
| 29.10.2022 | SATURDAY | 8.30AM-5.00PM | KOTTAYAM, KOTTAYAM (C), SULTHAN BATHERY |
| 29.10.2022<br>30.10.2022 | SATURDAY<br>SUNDAY | 5.00PM-8.30AM | MAVELIKKARA, CULCUTTA, MADRAS |
| 30.10.2022 | SUNDAY | 8.30AM-5.00PM | CHENGANNUR, BANGLORE |
| 30.10.2022<br>31.10.2022 | SUNDAY<br>MONDAY | 5.00PM-8.30AM | ADOOR - KADAMBANAD |
| 31.10.2022 | MONDAY | 8.30AM-5.00PM | THUMPAMON, KANDANAD WEST, THRISSUR |
| 31.10.2022<br>01.11.2022 | MONDAY<br>TUESDAY | 5.00PM -8.30AM | NIRANAM, IDUKKI |
| 01.11.2022 | TUESDAY | 8.30AM-5.00PM | KUNNAMKULAM, MALABAR, BRAHMAVAR |

TRINITY LIVE MEDIA


ആശംസകളോടെ....

**അനിൽ E.T.C**
OCYM മുൻ ജനറൽ സെക്രട്ടറി,
സഭാ മാനേജിംഗ് കമ്മറ്റിയംഗം.
(കൊട്ടാരക്കര - പുനലൂർ ഭദ്രാസനം)
യുവജനം ത്രൈമാസിക
മുൻ എഡിറ്റോറിയൽ ബോർഡംഗം,



ആശംസകളോടെ....

**ബൈജു കെ. ജി**
(മാർ ഏലിയാ ഓർത്തഡോക്സ് ചർച്ച്,
കൊടുവിള, കൊല്ലം ഭദ്രാസനം)
OCYM കൊല്ലം
മുൻ മേഖലാ സെക്രട്ടറി




കാരുണ്യം
സംശുദ്ധം
Priya
Prathibha
കാരുണ്യം..
സംശുദ്ധം
Trusted name since 2002
കാരുണ്യപ്രവർത്തനങ്ങൾക്ക്
ഒരു കൈത്താങ്ങ്..
Sambar Powder
Kashmiri Chilli Powder
Prathibha SPICES AND CONDIMENTS
KINFRA PARK, NELLAD - 686669
MUVATTUPUZHA, Ph: 0484 2956220
For Micro Distribution
Please Contact : 9745767220, 9747015222


Where dimensions take shape
home squad
Interiors
No. 6/858-M, 2nd Floor, Suit No. 916
Valamkottil Towers, Judgemukku,
Kakkanad, Kochi- 682021.
098467 30870
info@homesquad.in | www.homesquad.in
Pathanamthitta, Ernakulam
Modular Kitchen - Living room - Bedroom - Kids room - Dining room - Decorative units - False Ceiling


We & We
CATERERS
We & We
Caterers & Events
Ranni, Pathanamthitta
+91 9496806682, +91 9846730870
LIBIN CHACKO & VARGHESE GEORGE

# 84–ാമത് രാജ്യാന്തര സമ്മേളനത്തിൽ നിന്ന്...




Printed and Published by : H.G. Dr. Geevarghese Mar Yulios Metropolitan on behalf of President OCYM, St. Thomas Bhavan, Kottayam - 1
Head Office : St. Thomas Bhavan, Chungom, Kottayam. Phone : 0481 2583997
Printed at : Glamour Offset Printers, Kunnamkulam, Layout : Spectra Designers Kunnamkulam, Chief Editor : Fr. Luke Babu Publisher L Binu Pappachan